(ഇ) 260.

(എഫ്) ബി.ജെ.പി./ആർ.എസ്.എസ്. കോൺഗ്രസ്(ഐ), ഐ.യു. എം.എൽ., സി.പി.എം., എൻ.ഡി.എഫ്., ജെ.എസ്.എസ്., കെ.ഡി.പി., എന്നീ രാഷ്ട്രീയകക്ഷികളിൽപ്പെട്ടവരാണ്.

സ്കൂളിൽ ബോംബുപൊട്ടിയ സംഭവം

41 (74)ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പാനൂർ സ്കൂളിൽവച്ച് ഒരു ബാഗ് താഴെ വീണ് ബോംബ് പൊട്ടിയ സംഭവത്തെപ്പറ്റിയുള്ള അന്വേഷണം പൂർത്തിയാക്കി കേസ്സ് ചാർജ്ജ് ചെയ്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണമെന്ത്?

ഉത്തരം

(എ) പാനൂർ സ്കൂളിൽ ബോംബ് പൊട്ടിയത് സംബന്ധിച്ച് പാനൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 148/99 ആയി രജിസ്റ്റർ ചെയ്ത് കേസ്സ് അന്വേഷണം പൂർത്തിയാക്കി 4.8.1999-ൽ തലശ്ശേരി അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കളക്ടറേറ്റ് വളപ്പിൽവച്ച് ബോംബ് പിടിച്ച സംഭവം

42 (75)ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ കളക്ടറേറ്റ് വളപ്പിൽവച്ച് 1999 നവംബർ മാസം സ്റ്റീൽ ബോംബുമായി ആരെയെങ്കിലും പോലീസ് അറസ്റ്റ് ചെയ്തോ; എങ്കിൽ ആരെ യെല്ലാമാണ് അറസ്റ്റ് ചെയ്തത്;

(ബി) അറസ്റ്റ് ചെയ്യപ്പെട്ടവരുടെ രാഷ്ട്രീയ ചായ്വ് വെളിപ്പെടുത്തുമോ;

(സി) ഈ കേസ്സിന്റെ അന്വേഷണം പൂർത്തിയായോ;

(ഡി) ആദ്യം അന്വേഷിക്കാൻ നിയോഗിച്ച ഉദ്യോഗസ്ഥനെ മാറ്റാൻ കാരണമെന്താണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 19-11-99-ന് വൈകുന്നേരം ആർ.ടി.ഒ. ഓഫീസ് പരിസരത്തുവച്ച് ബോംബുകൾ സഹിതം സി.പി. പ്രജിത്, വി. രാജേഷ്, പി. രതീശൻ, എ.സി. ബാബു, എ. രാജേഷ് എന്നിവരെ പോലീസ് അറസ്റ്റു ചെയ്തിട്ടുണ്ട്.

(ബി)&(സി) കേസന്വേഷണം നടന്നുവരുന്നു.

(ഡി) കേസ്സ് കണ്ടുപിടിച്ച് എഫ്.ഐ.ആർ. രജിസ്റ്റർചെയ്ത ഉദ്യോഗസ്ഥൻ അല്ലാതെ മറ്റൊരു ഉദ്യോഗസ്ഥൻ അന്വേഷണം നടത്തുന്നത്

LIBRARY ARCHIVES Kerala Legislative Assembly

കേസ്സിന്റെ അന്വേഷണ നീതിയുക്തതക്ക് കൂടുതൽ ഉചിതമായതിനാലാണ് അന്വേഷണം വേറൊരു ഉദ്യോഗസ്ഥനെ ഏൽപ്പിച്ചത്.

കുറ്റനാട് വെടിക്കെട്ടപകടം

43 (76)ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃത്താല മണ്ഡലത്തിലെ കുറ്റനാട് വെടിക്കെട്ടപകടത്തിൽ ഇരയായവർക്ക് ധനസഹായം നൽകുന്ന നടപടി പൂർത്തിയായോ;

(ബി) അപകടത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് വീട് നിർമ്മിക്കുന്നതിനുള്ള ധനസഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) തൃത്താല മണ്ഡലത്തിലെ കുറ്റനാടിന് സമീപം ആലൂരിലുണ്ടായ വെടിക്കെട്ടപകടത്തിൽ മരണമടഞ്ഞ 7 പേരുടെ കുടുംബങ്ങൾക്ക് 20,000/- രൂപ വച്ച് ഒരു ലക്ഷത്തിനാൽപ്പതിനായിരം രൂപയും ഗുരുതരമായി പരിക്കേറ്റ 6 പേർക്ക് 7,500/- രൂപ വച്ച് 45,000/- രൂപയും മറ്റ് പരിക്കു പറ്റിയ 14 പേർക്കായി 6550/- രൂപയുമടക്കം ആകെ 1,91,550/ രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട്.

(ബി)&(സി) വീട് വസ്തുവകകൾ എന്നിവ നഷ്ടമായവർക്ക് ധനസഹായം നൽകുന്ന കാര്യം സർക്കാർ പരിഗണിച്ചു വരുന്നു.

കോടതികളിലെ കെട്ടികിടക്കുന്ന കേസ്സുകൾ

44 (78) പ്രൊഫ എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോടതികളിൽ കെട്ടികിടക്കുന്ന കേസ്സുകളുടെ എണ്ണം കോടതികളുടെ ഇനം തിരിച്ച് വെളിപ്പെടുത്താമോ;

(ബി) ഇവ സമയബന്ധിതമായി തീർക്കുന്നതിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) കോടതികളിൽനിന്നും വിധി പകർപ്പ് പെട്ടെന്ന് ലഭിക്കുന്നതിന് പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വിധി പകർപ്പ് പെട്ടെന്ന് ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 31.10.99 വരെ സംസ്ഥാനത്തെ സബോർഡിനേറ്റ് കോടതികളിൽ സിവിൽ വിഭാഗത്തിൽ 2,24,662 കേസ്സുകളും, സെഷൻസ് വിഭാഗത്തിൽ 21,918 കേസ്സുകളും മജിസ്റ്റീരിയൽ വിഭാഗത്തിൽ 3,38,077 കേസ്സുകളും നിലവിലുണ്ട്.

(ബി) കേസ്സുകൾ സമയബന്ധിതമായി തീർക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ ഹൈക്കോടതി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly